# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.27** — **26.02.2018-ൽ മറുപടിക്ക്**

## ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി

**ചോദ്യം**
**ശ്രീ.രാജു എബ്രഹാം**

**ഉത്തരം**
**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | സർക്കാർ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ്, എൽ. ഡി. സി. ഒഴിവുകൾ യഥാസമയം പി. എസ്. സി. യെ അറിയിക്കാനും റാങ്ക് ലിസ്റ്റ് നിലവിലുള്ള ജില്ലകളിൽ കൂടുതൽ പേർക്ക് നിയമനം ലഭിക്കാനും സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ; | എ | കാലാവധി പൂർത്തിയാക്കുന്ന എൽ.ഡി.സി. (വിവിധം) എൽ.ജി.എസ്.(വിവിധം) റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി മുഴുവൻ ഒഴിവുകളും ഉണ്ടാവുന്ന മുറയ്ക്ക് തന്നെ യാതൊരു കാലതാമസവും കൂടാതെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും 13.12.2017-ലെ ഉപസി3 / 428/17/ഉഭപവ സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുത പരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാത്ത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യിയ്ക്കുവാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| ബി) | സർക്കാർ ഉത്തരവ് പുറത്തിറക്കിയിട്ടും ഇതനുസരിച്ച് ഒഴിവുകൾ കണക്കാക്കുന്നതിനും അത് പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യുന്നതിലും ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി | ഇല്ല. |

| | | | |
|---|---|---|---|
| സി) | എങ്കിൽ ഇത്തരത്തിൽ വീഴ്ച വരുത്തിയവർ ആരൊക്കെ എന്ന് കണ്ടെത്തുന്നതിനും ഇവർക്കെതിരെ കർശന വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | സി | അതത് വകുപ്പിന് കീഴിൽ വരുന്ന നിയമനാധികാരികൾ ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് വകുപ്പ് സെക്രട്ടറിമാർ ഉറപ്പു വരുത്തേണ്ടതാണെന്നും, ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുവാൻ സെക്രട്ടറി തലത്തിൽ ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് കർശന നിർദ്ദേശം നൽകേണ്ടതാണെന്നും വീഴ്ച വരുത്തുന്നവർക്കെതിരെ കർശന വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണെന്നും വകുപ്പു സെക്രട്ടറിമാർക്ക് 07.02.2018-ലെ നം.ഉപ.സി.3/536/17/ഉഭപവ സർക്കുലർ മുഖേന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ